LIBRARY ARCHIVES Kerala Legislative Assembly

സ്ഥാപിച്ചിട്ടുണ്ട്. കേടായ ത്രീഫേസ് മീറ്ററുകൾ മാറ്റുന്നതിനായി 75,000 എണ്ണം പുതിയ മീറ്ററുകൾ വാങ്ങിയിട്ടുണ്ട്. ഇവ ഉപയോഗിച്ച് കേടായ ത്രീഫേസ് മീറ്ററുകൾ ഘട്ടം ഘട്ടമായി മാറ്റി വച്ചുവരുന്നു. കേടായ സിംഗിൾ ഫേസ് മീറ്ററുകൾ മാറ്റുന്നതിന് 12,00,000 സിംഗിൾ ഫേസ് മീറ്ററുകൾ വാങ്ങുന്നതിനുള്ള ടെണ്ടർ വിളിച്ച് പർച്ചേസ് ഓർഡർ നൽകിയിട്ടുണ്ട്. ആദ്യഘട്ടമായി 1.7 ലക്ഷം മീറ്ററുകൾ ലഭിച്ചിട്ടുണ്ട്. ടെസ്റ്റിംഗും സീലുകളും കഴിഞ്ഞ് 1 ലക്ഷം മീറ്ററുകൾ വിതരണത്തിന് ലഭ്യമാക്കിയിട്ടുണ്ട്. ഇവ ഉപയോഗിച്ച് കേടായ സിംഗിൾ ഫേസ് മീറ്ററുകൾ മാറ്റിവരുന്നു. വരും മാസങ്ങളിൽ 2 ലക്ഷം മീറ്ററുകൾ വീതം ലഭ്യമാകും. ഇവ കേടായ മീറ്ററുകൾ മാറ്റിവയ്ക്കാൻ ഉപയോഗിക്കുന്നതാണ്. ആദ്യഘട്ടമായി കേടായ ഇലക്ട്രോണിക് മീറ്ററുകൾ (ഗ്യാരന്റിയുള്ളത്) മാറ്റുവാനാണ് നിർദ്ദേശം നൽകിയിട്ടുള്ളത്. ഈ മീറ്ററുകൾ തിരികെ നൽകുമ്പോൾ പകരം മീറ്ററുകൾ നൽകാൻ കമ്പനികൾ ബാദ്ധ്യസ്ഥരാണ്. മാറ്റി നൽകുന്ന മീറ്ററുകളും കേടായ മീറ്ററുകൾ മാറ്റാൻ ഉപയോഗിക്കുന്നതാണ്.

രാജീവ്ഗാന്ധി ഗ്രാമീണ വൈദ്യുതീകരൺ യോജന

61 (401) <u>ശ്രീ. പി. കെ. ബഷീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) രാജീവ്ഗാന്ധി ഗ്രാമീണ വൈദ്യുതീകരൺ യോജന പ്രകാരം ഏറനാട് മണ്ഡലത്തിൽ എവിടെയെല്ലാമാണ് വൈദ്യുതി കണക്ഷൻ നൽകിയിട്ടുള്ളത് ; വിശദാംശം ലഭ്യമാക്കുമോ ;

(ബി) മണ്ഡലത്തിലെ ഇനിയും വൈദ്യുതി എത്തിച്ചേരാത്ത ആദിവാസി മേഖലകൾ ഏതെല്ലാമാണ് ;

(സി) ആർ.ജി.ജി.വി.വൈ പദ്ധതിയിൽ ഉൾപ്പെടുത്തി പ്രസ്തുത പ്രദേശങ്ങളും അടിയന്തരമായി വൈദ്യുതീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ) രാജീവ് ഗാന്ധി ഗ്രാമീണ വൈദ്യുതീകരൺ യോജന പ്രകാരം

ഏറനാട് മണ്ഡലത്തിലെ താഴെപ്പറയുന്ന ഗ്രാമപ്രദേശങ്ങളിൽ ആകെ 860 വീടുകൾക്ക് വൈദ്യുതി കണക്ഷൻ നൽകി.

ക്രമ നമ്പർ	വില്ലേജിന്റെ പേര്	പ്രദേശങ്ങൾ
(1)	(2)	(3)
1.	പുള്ളിപ്പാടം	1. പുള്ളിപ്പാടം 2. താന്നിക്കുഴി
2.	അരിക്കോട്	22 ലൊക്കേഷൻ
3.	ഊർങ്ങാട്ടിരി	1. ക്ഷത്ത്പറമ്പ് 2. ചുരിയോട് 3. കാറ്റാടിപൊയിൽ 4. കലപാറ 5. പളക്കൊടിമ്മൽ SC കോളനി 6. നീർമുക്ക് 7. പാക്കുളം
4.	വെറ്റിലപ്പാറ	1. പനംപിലാവ് 2. ഇരുൾക്കുഴി 3. എടക്കാട്ടുപറമ്പ് 4. ഓടക്കയം 5. ഈത്തുംപാലി ടൈബൽ കോളനി 6. വിളക്കുപറമ്പ് 7. നെല്ലിയായി 8. കരിതിമാങ്കുളം 9. ചെക്കുന്ന് 10. കൊട്ടപുഴ 11. കലക്കപ്പാറ ST കോളനി

LIBRARY ARCHIVES Kerala Legislative Assembly

5.	കവന്നൂർ	32. ലൊക്കേഷൻ
6.	കീഴുപറമ്പ്	19. ലൊക്കേഷൻ
7.	പെരുകമണ്ണ	1. കാവിലടി 2. ചാത്തല്ലൂർ 3. ഒതായി 4. ഒടവണ്ണപ്പാറ 5. പന്നിപ്പമുണ്ടേക്കര 6. തെക്കുംപാടം 7. കാളിയേങ്ങൽ 8. ചോലാറ ടൈബൽ കോളനി
(1)	(2)	(3)
8.	അകമ്പാടം	1. എളംവിലക്കോട് 2. പൊക്കോട് 3. മൊടവണ്ണ 4. മൂലേപ്പാടം 5. പാലക്കത്തോട് 6. വെണ്ടേക്കും പൊയിൽ 7. കണ്ടിലപ്പാറ 8. തോട്ടപ്പള്ളി 9. ചീങ്കണ്ണിപ്പാലി 10. അളക്കൽ 11. മേലെമങ്ങാട്
9.	എടവണ്ണ	9. ലൊക്കേഷൻ
10.	മമ്പാട്	13. ലൊക്കേഷൻ

(ബി) എടവണ്ണ ഇലക്ട്രിക്കൽ സെക്ഷനുകീഴിലുള്ള അമരമ്പലം അനന്തല്ല്, എടക്കോട്, മാടൻ കോളനികളും, അകമ്പാടം സെക്ഷനുകീഴിൽ വെറ്റിലക്കൊടി, അമ്പുമലകോളനിയും കീഴുപറമ്പ് സെക്ഷനുകീഴിൽ മൈലാടി കോളനിയും വൈദ്യുതീകരിച്ചിട്ടില്ല. ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റിന്റെ അനുമതി ലഭിക്കാത്തതു കാരണമാണ് വൈദ്യുതീകരണ പ്രവൃത്തികൾ നടത്താൻ സാധിക്കാത്തത്.

LIBRARY ARCHIVES Kerala Legislative Assembly

(സി) ആർ.ജി.ജി.വി. വൈ. പദ്ധതി 30-11-2014-ന് അവസാനിച്ചു. വനം വകുപ്പിന്റെ അനുമതി ലഭിക്കുന്ന മുറയ്ക്ക് മറ്റേതെങ്കിലും പദ്ധതികളിൽ ഉൾപ്പെടുത്തി പ്രസ്തുത കോളനികൾ വൈദ്യുതീകരിക്കുവാൻ നടപടി സ്വീകരിക്കാവുന്നതാണ്.

പുഴക്കാട്ടിരി വൈദ്യുതി സെക്ഷൻ രൂപീകരണം

62 (402) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 5 പഞ്ചായത്തുകളിലായി വ്യാപിച്ച് കിടക്കുന്നതും 25000-ത്തോളം ഉപഭോക്താക്കൾ പരിധിയിലുള്ളതുമായ മക്കരപറമ്പ് വൈദ്യുതി സെക്ഷൻ വിഭജിച്ച് പുഴക്കാട്ടിരി സെക്ഷൻ രൂപീകരിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ മക്കരപറമ്പ് വൈദ്യുതി സെക്ഷൻ വിഭജിച്ച് പുഴക്കാട്ടിരി സെക്ഷൻ രൂപീകരിക്കുന്നതിന് സത്വര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) ഉണ്ട്. പ്രസ്തുത വിഷയം വൈദ്യുതി ബോർഡിന്റെ പരിഗണനയിലാണ്.

അനെർട്ടിന്റെ സോളാർ പാനലുകൾ

63 (403) ശ്രീ. പി. തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അനെർട്ട് സ്ഥാപിക്കുന്ന സോളാർ പാനലുകൾ സർക്കാർ വകുപ്പുകൾ നിരുത്സാഹപ്പെടുത്തുന്നതിന് നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ടോ ;

(ബി) 2012-13 കാലയളവിലെ ആസ്തി വികസന ഫണ്ടിൽപ്പെടുത്തി ചേർത്തല താലൂക്ക് ആശുപത്രിയിൽ അനെർട്ടിന്റെ ചുമതലയിൽ സോളാർ പാനൽ സ്ഥാപിച്ച് വൈദ്യുതീകരിക്കുന്നതിനുള്ള നിർദ്ദേശപ്രകാരം ഭരണാനുമതി ലഭിച്ച ജോലിക്കുവേണ്ടി ഇനിയും തുക ലഭിച്ചിട്ടില്ലാത്തതും ജോലി ആരംഭിച്ചിട്ടില്ലാത്തതും എന്തുകാരണത്താലാണെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly